**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1773** | **14.08.2017-ൽ മറുപടിക്ക്** |
|---|---|

## ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ

| | ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടുവരുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സംവിധാനമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനും നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിശദ വിവരങ്ങൾ ശേഖരിച്ച് അതാതു പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാനും SHO-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഇവരുടെ ഫോട്ടോ, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കൾ ശേഖരിക്കുകയും, അതിൻ പ്രകാരം അവർ നൽകുന്ന വിവരങ്ങൾ വെച്ച് ഡാറ്റാബേസ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ട്. കൂടാതെ ഇ-രേഖ എന്ന സോഫ്റ്റ്-വെയർ മുഖേനയും ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ച് വരുന്നുണ്ട്. ക്രിമിനൽ സ്വഭാവം ഉള്ളവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുകയും പ്രവർത്തികളിൽ സംശയം തോന്നുന്നവരുടെ വിവരങ്ങൾ അതാത് സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ അയച്ച് പരിശോധന നടത്തുകയും ഇവരുടെ വാസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതരസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള എത്ര കഞ്ചാവ്, മയക്കുമരുന്ന് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള 153 കഞ്ചാവ്, മയക്കുമരുന്ന് കേസുകൾ (ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തേയ്ക്ക് ട്രെയിൻ മാർഗ്ഗവും മറ്റും വരുന്ന തൊഴിലാളികൾ ലഹരി വസ്തുക്കൾ കടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ